# പാരിജാതം



**തൊടുപുഴ കെ.(ക്രുഷ്ണസ്വാമി) ശങ്കർ**

ആറ്റുകാലമ്മേ, ഭഗവതീ, ഭാർഗവീ
ആറ്റുക ഞങ്ങടെ ദുഃഖമെല്ലാം!
ആയുരാരോഗ്യവും ഐശ്വര്യവും നൽകി
ആദ്യന്തം കാത്തുരക്ഷിക്കേണമേ!

നേടുന്നതൊന്നും‌തൻ സ്വന്തമല്ലെന്നുള്ള
നേരറിയുന്നില്ല മർത്യഗണം!
വിദ്യയും വേലയും വീടുമതുപോലെ
വിത്തവും നീ തരും ഭിക്ഷയല്ലോ!

ജന്മങ്ങളിൽ വച്ചു സുശ്രേഷ്ഠമാം നര-
ജന്മമരുളിയ ദേവികേ നിൻ
പത്മപാദങ്ങളതൊന്നുതാനാശ്രയം
പത്മാവതീ,പരമേശ്വരിയേ!



മോഹിതവസ്തുക്കൾ കാണുന്ന മാത്രയിൽ
മോഹമെന്നുള്ളിലുദിക്കരുതേ!
നിത്യമല്ലാത്ത ക്ഷണികസുഖങ്ങളിൽ
നിത്യാംബികേ, മനം ചൂഴരുതേ!

മായതാൻ കാണുമീ വസ്തുക്കളത്രയും
മായും മറയുമൊരു ക്ഷണത്തിൽ!
ഭംഗിയെഴും മോഹവസ്തുക്കളിൽ, മോഹ-
ഭംഗവും ലീനമെന്നാരറിവൂ?

ചാരുവാം താരുകൾ താനേയുതിരുന്ന
"പാരിജാത" തരുവല്ലയോ നീ!
ഭക്തിയാർന്നുൾത്തടം കൊണ്ടു കുലുക്കിയാൽ
വർഷിക്കും നീ കരുണാസുമങ്ങൾ!

ബ്രഹ്മമെന്തന്നറിഞ്ഞീടാൻ ത്രസിക്കുന്നു
കന്മഷം തീണ്ടാത്ത ചേതനകൾ!

ബ്രഹ്മമെന്തന്നറിയില്ലെന്നതല്ലയോ
മർമപ്രധാനമാം ബ്രഹ്മജ്ഞാനം!